(ബി) ഇവയിൽ ഏതെങ്കിലും ഈ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ ;

(സി) ഓരോ പദ്ധതി പ്രകാരം കാർഷിക രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(ഡി) യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ചെറുകിട ജലസേചന പദ്ധതിയായ ജലവാഹിനി പദ്ധതിക്ക് ഇതുവരെ എന്തു തുക ചെലവഴിച്ചു ;

(ഇ) തൃശൂർ ജില്ലയിൽ ആരംഭിച്ച ജലവാഹിനി പദ്ധതി സംസ്ഥാനത്തിന്റെ മറ്റു ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(എഫ്) ഈ പദ്ധതിയുടെ ഭാഗമായി കുളങ്ങളുടെ പുനരുദ്ധാരണം, ലിഫ്റ്റ് ഇറിഗേഷൻ, തടയണകൾ, ക്രോസ് ബാറുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെണ്ണം ; ഏതെല്ലാം ജില്ലയിൽ നിർമ്മിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജലധാരാപദ്ധതി, ചെക്കുഡാം പദ്ധതി, ജലവാഹിനി പദ്ധതി ഇവയാണ് മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ചെറുകിട ജലസേചന പദ്ധതികൾ.

(ബി) ഇല്ല.

(സി) ജലധാരാപദ്ധതി പ്രകാരം 11559.16 ഹെക്ടർ സ്ഥലത്തും, ചെക്കുഡാം പദ്ധതി പ്രകാരം 1947 ഹെക്ടർ സ്ഥലത്തും ജലവാഹിനി പദ്ധതി പ്രകാരം 4400 ഹെക്ടർ സ്ഥലത്തും ജലസേചന സൗകര്യം ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

(ഡി) 12.656 കോടി രൂപ.

(ഇ) ജലവാഹിനി പദ്ധതി തൃശൂർ ജില്ലയിൽ മാത്രമല്ല കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്നു.

(എഫ്) 2000-മാണ്ട് ജനുവരി 31 വരെയുള്ള വിശദമായ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. *

സംസ്ഥാനത്തു ജലസേചന സൗകര്യം ലഭ്യമാകുന്ന സ്ഥലം

19 (1684) ശ്രീ. എ. സി. ഷൺമുഖദാസ് :

ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു മൊത്തം എത്ര ഹെക്ടർ സ്ഥലത്തു ജലസേചന സൗകര്യം ലഭ്യമാകുന്നുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതികാലയളവ് പൂർത്തീകരിക്കുമ്പോൾ മൊത്തം എത്ര ഹെക്ടർ സ്ഥലത്തു ജലസേചന സൗകര്യം ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ വൻകിട, ചെറുകിട, ഇടത്തരം പദ്ധതികളിൽ നിന്നുള്ള ജലസേചന സൗകര്യം ഹെക്ടർ തിരിച്ചു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 4.16 ലക്ഷം ഹെക്ടർ സ്ഥലത്ത്.

(ബി) ഏകദേശം 5 ലക്ഷം ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഏകദേശം 1.8 ലക്ഷം ഹെക്ടർ സ്ഥലത്ത് വൻകിട ജലസേചന പദ്ധതികൾ മുഖേനയും 36000 ഹെക്ടർ സ്ഥലത്ത് ഇടത്തരം ജലസേചന പദ്ധതികൾ പ്രകാരവും 2 ലക്ഷം ഹെക്ടർ സ്ഥലത്ത് ചെറുകിടജലസേചന പദ്ധതികൾ മുഖേനയും ജലസേചന സൗകര്യം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

കൊഴിഞ്ഞാംപാറയിലുള്ള കുന്നംപിടാരി ഡാം

20 (1685) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ കൊഴിഞ്ഞാംപാറയിലുള്ള കുന്നംപിടാരി ഡാം കഴിഞ്ഞ കാലവർഷത്തിൽ തകർന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം ഈ പ്രദേശത്ത് കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ ഡാമിന്റെ പുനർനിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) ഈ ഡാം അടിയന്തിരമായി പുനർനിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഈ കാര്യം പരിശോധിച്ചുവരുന്നു.

കുര്യാർകുറ്റി-കാരപ്പാറ ജലസേചനപദ്ധതി

21 (1686) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുര്യാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതിക്കായി എത്ര തുക ചെലവഴിക്കേണ്ടി വരുമെന്നാണ് ജലസേചനവകുപ്പ് ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കണക്കാക്കിയിരുന്നത് ; ആയത് ഏത് വർഷമായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly